Resolution put to vote and carried, 18 voting for and 15 against

Mr. P. Kumaran Ezhuthassan *(Vadakkancheri):* A poll, Sir.

Ayes

1	Mrs. A. N. Menon	10	Mr. K. Ashtamoorthi Nambudiripad
2	Mr. P. Narayana Menon	11	,, C. K. Nayar
3	,, A. V. Moothedan	12	,, T. A. Ramachandra Ayyar
4	,, T. S. Ramachandra Ayyar	13	,, P. Kumaran Ezhuthassan
5	,, M. Nanu Menon	14	,, K. Narayana Menon
6	,, A. Eachara Menon	15	,, K. Kunhirama Menon
7	,, V. K. Bhaskara Menon	16	,, M. Krishna Menon
8	,, C. N. Ittiravi Nambudiripad	17	,, N. Govinda Pai
9	,, C. Kunhan Nambudiripad	18	,, C. K. S. Moni

Noes

1	Mrs. Joshua	8	Mr. K. R. Ramakrishnan
2	Mr. T. P. Poulose	9	,, Thomas Karikkasseri
3	,, Joseph Petta	10	,, K. R. Achuthan
4	,, K. M. Ibrahim	11	,, B. M. Peter
5	,, K. S. Panicker	12	,, K. T. Achuthan
6	,, A. T. Kunhipalu	13	,, C. J. Luiz
7	,, C. V. Iyyu	14	,, V. K. Kutty

15 Mr. P. K. Krishnan.

Deputy President : The resolution is carried by 18 votes to 15.

Mr. V. K. Bhaskara Menon *(Cranganur):* Sir, I move that the House be now adjourned.

Mrs. Thankamma N. Menon *(Ernakulam-Women's):* I second it.

Mr. C. V. Iyyu *(Kunnamkulam):* I oppose the motion.

Mr. V. K. Bhaskara Menon *(Cranganur):* I am not pressing the motion in view of the war work of my friend.

Resolution No. 7

Exmpting tenants who hold Cocoanut Gardens from the operation of Section 5 (2) of the Verumpattamdars Act

മിസ്റ്റർ ബി. എം. പീറർ: "വെറുമ്പാട്ടക്കുടിയാൻ സ്ഥിരാവകാശബില്ലിൽ അതാതു കാലത്തെ ഉല്പന്നവിലയനുസരിച്ചു് പാട്ടം വസൂൽചെയ്യുന്ന സമ്പ്രദായത്തിൽനിന്നു പ്രത്യേകാൽ തെങ്ങിൻതോപ്പുകാരുടെ കായ്ത്തിൽ ഇന്നുള്ള നിശ്ചിതപാട്ടം എന്നും തന്നുകൊള്ളാമെന്നു സമ്മതിക്കുന്ന കുടിയാനവനെ ടി ബില്ലിന്റെ പരിധിയിൽനിന്നു ഒഴിവാക്കുന്ന ഒരു വിളംബരം ഉടനെ പ്രസിദ്ധപ്പെടുത്തണമെന്നു ഈ സഭ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു പ്രാർത്ഥിക്കുന്നു." ഇതാണു് എന്റെ പ്രമേയം.

മിസ്റ്റർ പ്രസിഡണ്ടു്, സർ, കൊച്ചിയിലെ വെറുമ്പാട്ടക്കുടിയാന്മാർക്കു ഒരു നല്ലകാലം വന്നു, അവരുടെ കൈവശമിരിക്കുന്ന സ്ഥലത്തിനു സ്ഥിരാവകാശം ലഭിച്ചു എന്നുള്ള ഒരാശ്വാസം വെറുമ്പാട്ടക്കുടിയാൻ സ്ഥിരാവകാശബിൽ കൊണ്ടുവന്ന അവസരത്തിലുണ്ടായിരുന്നു. പക്ഷെ അതൊരു വ്യാമോഹം മാത്രമായി കലാശിച്ചു. ആ ബിൽ ഇവിടെ അവതരിപ്പിച്ചു പാസ്സാക്കിയ അവസരത്തിൽ എട്ടൊമ്പതു മെമ്പർമാർ അതിനെ വളരെ ശക്തിയായി എതിർക്കുകയും പക്ഷെ അവരുടെ എതിർപ്പിനു തക്കതരത്തിലുള്ള ഒരു കരുത്തു കിട്ടായ്കയാൽ ആ ബിൽ ഇവിടെ പാസ്സാക്കേണ്ടതായിട്ടുംവന്നു. പക്ഷെ അന്നുതന്നെ കുടിയാന്മാർക്കു ബില്ലുകൊണ്ടു വരാവുന്ന ഇണങ്ങളും എന്തെല്ലാമെന്നും സ്ഥിരാവകാശം എത്രനാൾ പാലിക്കപ്പെടുമെന്നും ഇവിടെ സവിസ്തരം പ്രസംഗത്രുപേണ പറഞ്ഞുകഴിഞ്ഞു. ഈ ബിൽ ഏതാണ്ടു ഫ ഫ ഫവ കുംഭമാസത്തിൽ പാസ്സാക്കുകയും ബിൽ പാസ്സായതിനുശേഷം കൊച്ചിസംസ്ഥാനത്തിന്റെ പലേഭാഗത്തുനിന്നും ഇതിനെ സംബന്ധിച്ചുള്ള പൊതുജനാഭിപ്രായം ഗവൺമെണ്ടിനു ശരിയായതരത്തിൽ കിട്ടുകയും ചെയ്തിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം. പലേ കമ്പിക്കും മുഖേനയും പലേ യോഗങ്ങൾ മുഖാന്തിരവും പലേ നിവേദനങ്ങൾ മുഖാന്തിരവും ഗവൺമെണ്ടിനെ പൂർണ്ണമായിട്ടു അവരുടെ സങ്കടങ്ങളെ ധരിപ്പിച്ചുകഴിഞ്ഞു. ഇനിയും

LIBRARY ARCHIVES Kerala Legislative Assembly

യാതൊരുതരത്തിലുള്ള പരിഹാരവും കിട്ടായ്കകൊണ്ട് ഇവിടത്തെ കുടിയാന്മാരുടെ വലിയൊരു ജനസമൂഹം എന്നെ സമീപിക്കുകയും ഇങ്ങിനെ ഒരു പ്രമേയം മൂലം ആ സംഗതി ഗവമ്മെണ്ടിനേയും നിയമസഭയേയും ധരിപ്പിക്കുന്നതിനു എന്നെ ഏല്പിക്കുകയും ചെയ്തിട്ടുള്ളതു് ഞാനിവിടെ ചെയ്തുകൊള്ളുന്നു. കുടിയാന്മാക്കു സ്ഥിരാവകാശം നൽകി. ഞാൻ ചോദിക്കുന്നു, ഇന്നു എത്ര കുടിയാന്മാരിലാണു് ഈ സ്ഥിരാവകാശം നിൽക്കുന്നതു് എന്നു്. കൊച്ചികണയന്നൂർ താലൂക്കു നെൽകൃഷി വളരെ കുറവായ ഒരു സ്ഥലമാണു്. അവിടെ കൂടുതലായിട്ടുള്ളതു് തെങ്ങിൻകൃഷിയാണു്. ഈ തെങ്ങിൻകൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ പാട്ടം സാധനമായി കൊടുക്കണമെന്നുള്ള ഒരു നിശ്ചയം വന്നതോടുകൂടി പാട്ടം കൊടുക്കുവാൻ നിവൃത്തിയില്ലാതെയായി. അതായതു് നിവൃത്തിയില്ലെന്നു പ്രധാനമായി ഞാൻ പറഞ്ഞതു് എത്ര തേങ്ങ അല്ലെങ്കിൽ ആ തേങ്ങയുടെ വിലയെന്തു് എന്നു നിർണ്ണയിക്കുന്നതിനു് ഇനിയും സാധിച്ചിട്ടില്ല എന്നുള്ളതുകൊണ്ടാണു്. ഇവിടെയുള്ള പല ജന്മികളും എസ്റ്റേറ്റുകളും പോലും ഇന്നും പാട്ടത്തിന്റെ ഒരു കണക്കുപോലും ഈ കുടിയാന്മാക്കു കൊടുത്തിട്ടില്ല. ബില്ലിൽ അവരുടെ ഇക്കൊല്ലത്തെ ആദ്യഗഡുവു തുലാം ഒന്നാംതിയ്യതിയാണു്. അതു കഴിഞ്ഞു. അതിനുശേഷം മൂന്നുമാസം കഴിയുമ്പോൾ പാട്ടം കൊടുത്തില്ലെങ്കിൽ അവരുടെ സ്ഥിരാവകാശം നശിക്കുന്നു. ഇന്നും ഇവിടെയുള്ള പാട്ടക്കാരിൽ ൽ ൽ ശതമാനത്തിനു അവരുടെ പാട്ടം കൊടുത്തുതീർക്കുന്നതിനു സാധിച്ചിട്ടില്ല. എന്തെന്നാൽ പാട്ടത്തിന്റെ കണക്കു ഇനിയും ശരിപ്പെടുത്തി കഴിഞ്ഞിട്ടില്ല. പഴയ പാട്ടം കൊടുത്താൽ ജന്മി സമ്മതിക്കുന്നതുമില്ല. എന്താണു് ഓരോ കുടിയാനും അടക്കേണ്ടിവരുന്ന പാട്ടമെന്നു് ക്ലിപ്തപ്പെടുത്തുവാൻ സാധിക്കായ്കകൊണ്ടു് ഇന്നും അവർ കുടിശ്ശികയിൽ കിടക്കുന്നു. ഈ മകരം ൽ ൦-ാംതിയ്യതിയോടുകൂടി അവരുടെ സ്ഥിരാവകാശം നശിച്ചുകഴിഞ്ഞു. ഇപ്പോൾ കുടിയാന്മാക്കു നമ്മുടെ ഗവമ്മെണ്ടു വലിയൊരു സഹായം ചെയ്യണം. അവരുടെ ഭൂമിയിൽ സ്ഥിരാവകാശം അവക്കു നൽകണമെന്നുള്ള സദുദ്ദേശത്തോടുകൂടി നടപ്പാക്കിയിരിക്കുന്ന ഈ പ്രവൃത്തികൊണ്ടു് — ഈ മൂന്നുമാസംകൊണ്ടു് — അവർ നിശ്ശേഷം നശിച്ചു എന്നാണു് ഞാൻ ഈ സഭയെ അറിയിക്കുന്നതു്.

ആയതുകൊണ്ടു് ഈ കുടിയാന്മാർ അപേക്ഷിക്കുന്ന കാര്യം മറെറാന്നുമല്ല. ഞങ്ങൾക്കു ഞങ്ങളുടെ ഭൂമിയിലുള്ള സ്ഥിരാവകാശം വേണ്ട. ഞങ്ങളുടെ പാട്ടനിശ്ചയത്തിൽ എന്തു സംഖ്യ ക്ലിപ്തപ്പെടുത്തീട്ടുണ്ടോ ആ പാട്ടം എന്നും കൊടുത്തുകൊള്ളാമെന്നു ഒരു കുടിയാൻ ജന്മിയെ രേഖാമൂലം അറിയിക്കുന്നപക്ഷം അവന്റെ അവകാശം ഈ വെറുമ്പാട്ടക്കുടിയാൻ സ്ഥിരാവകാശബില്ലിന്റെ പരിധിയിൽനിന്നു ഒഴിവാക്കി നിർത്തണമെന്നാണു് എന്റെ പ്രമേയംകൊണ്ടു് ഞാൻ ആവശ്യപ്പെടുന്നതു്. അതുകൊണ്ടു് ഈ സഭയുടെ അനുകൂലമായ അഭിപ്രായം എന്റെ പ്രമേയത്തിനു സിദ്ധിക്കുമെന്ന വിശ്വാസത്തോടുകൂടി ഈ പ്രമേയം സഭയുടെ മുമ്പാകെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. V. K. Kutty *(Nominated):* I second it.

The House rose for the day at 3 minutes to 5 p. m.

N. S. RADHAKRISHNA SARMA
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly